**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4998** **20-07-2022 - ൽ മറുപടിയ്ക്ക്**

**എംപ്ലോയ് മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള സർക്കാർ, അർദ്ധ സർക്കാർ നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുമേഖലാസ്ഥാപനങ്ങളിലെ പി.എസ്.സി. വഴിയല്ലാത്ത നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മാത്രം നടത്താൻ നടപടികൾ സ്വീകരിക്കുമോ; | (എ) | പൊതുമേഖലാ സ്ഥാപനങ്ങളിലെ പി എസ് സി വഴിയല്ലാത്ത നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മാത്രം നടത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 1959ൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ Compulsory Notification of Vacancies Act (CNV) പ്രകാരം സംസ്ഥാനത്തുള്ള സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, കമ്പനികൾ, കോർപ്പറേഷനുകൾ, സർക്കാർ ഗ്രാൻഡിൽ പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങൾ എന്നിവിടങ്ങളിലുള്ള പബ്ലിക് സർവീസ് കമ്മീഷന്റെ പരിധിയ്ക്കു പുറത്തുവരുന്ന എല്ലാത്തരം ഒഴിവുകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിർബന്ധമായും അറിയിച്ചു എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ സേവനം പ്രയോജനപ്പെടുത്താമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ് റൂൾസ് ബാധകമാക്കിയിട്ടുള്ള സ്ഥാപനങ്ങളിലെ താത്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന KS&SSR Rule 9 a (i) പ്രകാരം നടത്തേണ്ടതാണ്. ഇത് സംബന്ധിച്ച് കാലാകാലങ്ങളിൽ വകുപ്പ് മേധാവികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>വകുപ്പിലെ ആക്ട് എൻഫോഴ്സ്മെന്റ് ഓഫീസർമാരായ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ/ എംപ്ലോയ്മെന്റ് ഓഫീസർമാരുടെ നേതൃത്വത്തിൽ സ്ഥാപന പരിശോധനകൾ നടത്തി താത്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നടത്തുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. |
| (ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ എന്തെല്ലാം പുതിയ | (ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി വിവിധങ്ങളായ |

| | | | |
|---|---|---|---|
| | നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | | പ്രവർത്തനങ്ങൾ വകുപ്പ് നടത്തുന്നുണ്ട്. നിലവിൽ എംപ്ലോയ്മെന്റ് വകുപ്പ് മുഖേന നടത്തുന്ന സ്വയം തൊഴിൽ പദ്ധതികൾ ഓൺലൈൻ ആക്കുന്നതിനും അതുവഴി പദ്ധതി പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ച് വരികയാണ്.<br><br>സ്വകാര്യമേഖലയുടെ തൊഴിലവസരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് പ്രയോജനമാക്കുന്നതിന് ജില്ലാ തലങ്ങളിൽ ജോബ് ഫെയർ നടത്തുന്നതു കൂടാതെ സംസ്ഥാനതലത്തിലും മെഗാ ജോബ് ഫെയർ സംഘടിപ്പിക്കാൻ തീരുമാനിച്ചിരിക്കുകയാണ്.<br><br>പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട ഉദ്യോഗാർത്ഥികളുടെ സമഗ്ര പുരോഗതി ലക്ഷ്യം വച്ച് നടപ്പിലാക്കി വരുന്ന സമന്വയ പദ്ധതി, വിവരസാങ്കേതികവിദ്യ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനത്തിൽ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ച ഓൺലൈൻ പോർട്ടൽ, ഇ-ഓഫീസ്, മൊബൈൽ ആപ്ലിക്കേഷൻ, സ്മാർട്ട് കാർഡ്, ഡാറ്റാ ഡിജിറ്റൈസേഷൻ, പ്രൈവറ്റ് ജോബ് പോർട്ടൽ, പ്രവാസികൾക്കുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, എന്നിവ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഉദ്ദേശിച്ചുള്ളവയാണ്. |

സെക്ഷൻ ഓഫീസർ